നിധിയിൽനിന്നും ലഭ്യമാക്കുന്ന രീതി നടപ്പിലാക്കിയിരിക്കുകയാണ്. ഇതനുസരിച്ച് വികസനത്തിനും അഭിവൃദ്ധിക്കുമായുള്ള ഫണ്ടിൽനിന്നും പണം പിൻവലിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം ഒരുക്കിയിട്ടുള്ള "സംഖ്യ" കമ്പ്യൂട്ടർ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന കണ്ടിജന്റ് ബിൽ, വൗച്ചറുകൾക്കൊപ്പം ട്രഷറിയിൽ ഹാജരാക്കേണ്ടതുണ്ട്. പൊതു ആവശ്യഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് ട്രഷറി ചെക്ക് മതിയാകും.

(ബി) 2013-14 വർഷ സംസ്ഥാന ബജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനമന്ത്രി "ഗ്രാമപഞ്ചായത്തുകൾ ശക്തിപ്പെടുത്തുന്നതിനായി താഴേത്തട്ടിൽ ധനലഭ്യത വർദ്ധിപ്പിക്കുന്ന നയം അഭംഗുരം തുടരും" എന്നു പ്രഖ്യാപിച്ചിരുന്നു.

(സി&ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയ രീതിയിൽ ഫണ്ട് പിൻവലിക്കുന്നത് അവയുടെ 'ഫണ്ട് വിനിയോഗ'ത്തിനു യാതൊരു തടസ്സവും സൃഷ്ടിക്കുന്നില്ല. പഞ്ചായത്തുകൾക്ക് മൂന്നു മാസങ്ങൾ വീതം മുൻകൂറായി പദ്ധതി പണത്തിന്റെ അലോട്ട്മെന്റ്, അതായത് മാർച്ച് 25-ാം തീയതിക്കു മുമ്പും ജൂലൈ, നവംബർ മാസങ്ങളിലുമായി നൽകുന്നുണ്ട്. ആയതിനാൽ പുതിയ രീതി പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിനെയോ സ്വയം ഭരണ പദവിയെയോ ബാധിക്കുന്നതായി കാണുന്നില്ല.

കാർഷിക രംഗത്തെ നൂതന സംരംഭങ്ങൾ

21 (*141) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. രാജു എബ്രഹാം :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക രംഗത്ത് സംസ്കരണത്തിനും മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവുമൂലം പ്രയാസം അനുഭവിക്കുന്ന കർഷകർക്ക് ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാകുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) പൊതുമേഖലയിൽ ഇത്തരത്തിലുള്ള സംരംഭങ്ങൾ ഏതൊക്കെയാണ് ; അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; അവ എത്രത്തോളം തൃപ്തികരമാണ് ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കാർഷിക രംഗത്ത് സംസ്കരണത്തിനും മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കും പ്രോത്സാഹനവും ധനസഹായവും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന നൽകിവരുന്നു.

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിന് വേണ്ടിയുള്ള 5 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ ചെലവ് വരുന്ന വായ്പാ ബന്ധിത സംരംഭങ്ങൾക്ക് കെട്ടിടത്തിന്റെയും യന്ത്രോപകരണങ്ങളുടെയും ചെലവിന്റെ 25% (പർമാവധി 10 ലക്ഷം രൂപ) സഹായമായി നൽകുന്നു.

കൂടാതെ കാർഷികോല്പന്നമൂല്യവർദ്ധിത സംരംഭങ്ങളെ സംബന്ധിച്ച അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾക്ക് എസ്.എഫ്.എ.സി. വഴി സഹായം നൽകുന്നുണ്ട്.

(ബി) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം പ്രയാസം അനുഭവിക്കുന്ന കർഷകർക്ക് സംസ്കരണ-മൂല്യവർദ്ധിത പ്രവർത്തനങ്ങൾ സഹായകരമാകുന്നുണ്ട്.

(സി) സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിന്റെ ധനസഹായത്തോടെ തിരുവനന്തപുരത്തെ കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രത്തിൽ കിഴങ്ങ് വിളകളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് പാക്ക് ചെയ്ത് വിപണന സജ്ജമാക്കുന്നതിനുള്ള ഒരു ഇൻക്യുബേഷൻ കേന്ദ്രം ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കേരഫെഡിനു കീഴിൽ കൊപ്ര സംസ്കരിച്ച് വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന രണ്ട് ഫാക്ടറികൾ കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളിയിലും കോഴിക്കോട് ജില്ലയിൽ നടുവണ്ണൂരിലും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ കാർഷിക സർവ്വകലാശാല, കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, പത്തനംതിട്ടയിലെ കാർഡ് കൃഷി വിജ്ഞാന കേന്ദ്രം എന്നിവയിലൂടെ മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ശുചിത്വമിഷന്റെ പ്രവർത്തനം

22 (*142) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വമിഷൻ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly